പോലീസ് (IRB-Regular Wing) വകുപ്പിൽ പോലീസ് കോൺസ്റ്റബിൾ (കാറ്റഗറി നം. 466/2021, 30/2021) തസ്തികകളുടെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്കായി എൻഡ്യൂറൻസ് പരീക്ഷ 2023 നവംബർ 14 മുതൽ തിരുവനന്തപുരം ആസ്ഥാന ഓഫീസിന്റെയും കൊല്ലം, എറണാകുളം, കോഴിക്കോട് മേഖലാ ഓഫീസുകളുടെയും, പാലക്കാട് ജില്ലാ ഓഫീസിന്റേയും മേൽനോട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട വേദികളിൽ വച്ച് നടത്തുന്നു. തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ നവംബർ 16 നും, കൊല്ലം, കോഴിക്കോട് ജില്ലകളിൽ നവംബർ 17 നും പാലക്കാട് ജില്ലയിൽ നവംബർ 21 നും ടെസ്റ്റ് പൂർത്തിയാകുന്നതാണ്. ടി പരീക്ഷയുമായി ബന്ധപ്പെട്ട ജില്ലാമാറ്റം/പരീക്ഷാ കേന്ദ്ര മാറ്റം ഒരു സാഹചര്യത്തിലും അനുവദിക്കുന്നതല്ല. അർഹരായ എല്ലാ ഉദ്യോഗാർത്ഥികൾക്കും Profile Message, SMS എന്നിവ നൽകിയിട്ടുള്ളതും, അഡ്മിഷൻ ടിക്കറ്റ് OTR പ്രൊഫൈലിൽ ലഭ്യമാക്കിയിട്ടുള്ളതുമാണ്. അഡ്മിഷൻ ടിക്കറ്റിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അസിസ്റ്റന്റ് സർജനിൽ കുറയാത്ത മെഡിക്കൽ ഓഫീസറിൽ നിന്നും നേടിയ ഫിസിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റുമായാണ് പരീക്ഷയ്ക്ക് ഹാജരാകേണ്ടത്. ടി പരീക്ഷ സംബന്ധിച്ച് അറിയിപ്പ് ലഭിച്ചിട്ടില്ലാത്തവർ ആസ്ഥാന ആഫീസുമായി ബന്ധപ്പെടേണ്ടതാണ്. (Enquiry-0471 2546 400/401)